ലേഖനം ● ടി. മുഹമ്മദ് വേളം

# നിനക്കറിയുമോ ലൈലത്തുൽഖദ്ർ എന്താണെന്ന്?

ഈ ഖുർആൻ
ഒരു പർവതത്തിന്റെ മുകളിൽ
നാം ഇറക്കിയിരുന്നെങ്കിൽ
ദൈവഭയത്താൽ ചകിതമായി
അത് തരിപ്പണമാകുന്നത്
നിനക്ക് കാണാമായിരുന്നു.
ജനം ആലോചിക്കാനാണ്
ഈ ഉദാഹരണം നാമവർക്ക്
വിവരിച്ചുകൊടുക്കുന്നത്.
(*അൽഹശ്ർ* 21)

**ഒരു** വർഷത്തിലെ ഏറ്റവും മൂല്യവത്തായ സമയമേത് എന്ന ചോദ്യത്തിന് വേദം നൽകുന്ന ഉത്തരമാണ് ലൈലത്തുൽ ഖദ്ർ. മനുഷ്യചരിത്രത്തിലെ ഏറ്റവും മഹത്തായ സംഭവമേത് ആലോചനയുടെ മറുപടി ഖുർആന്റെ അവതരണം എന്നതാണ്. ദൈവത്തിന്റെ കണക്കുകൾക്കതീതമായ കാരുണ്യമാണ് ഈ അവതരണത്തിന്റെ കാരണമെന്ന് ഖുർആൻ പറഞ്ഞുവെക്കുന്നു. മനുഷ്യൻ സമാഹരിക്കുന്ന മുഴുവൻ ഭൗതികവിഭവങ്ങളേക്കാൾ ഉത്തമമാണിതെന്ന് പ്രസ്താവിക്കുന്നു. ഇതിനെ ആത്മാവിൽ ആഘോഷിക്കാൻ ആഹ്വാനം ചെയ്യുന്നു (യൂനുസ് 57-58). എന്താണ് ഖുർആൻ? നമ്മുടെ നിത്യപരിചയത്തെ ഈ ചോദ്യം കൊണ്ട് പുതുക്കേണ്ടതുണ്ട്.

ഖുർആൻ അടിമുടി ദൈവികമാണ്. അതിലെ ഓരോ അക്ഷരവും അക്ഷരക്കൂട്ടുകളും വാക്കുകളുടെ ചേരുവയും എല്ലാം അല്ലാഹുവിന്റേതാണ്. ഖുർആനിന്റെ ഉള്ളടക്കം മാത്രമല്ല അതിന്റെ ഭാഷാശരീരവും ദൈവികമാണ്. അതിലെ എല്ലാ അക്ഷരക്രോമസോമുകളും ദൈവികമായ കയ്യൊപ്പ് പതിഞ്ഞവയാണ്.

ഇതുപോലെ മറ്റൊന്ന് കൊണ്ടുവരിക എന്നത് ഖുർആന്റെ നിരന്തര വെല്ലുവിളിയാണ്. ബദൽ സാധ്യമല്ല എന്നു ഖുർആൻ പറയുന്നത് ഇതിന്റെ ഉള്ളടക്കത്തെക്കുറിച്ച് മാത്രമല്ല. കാരണം അത് ഖുർആന്റെ അവതരണ ശേഷമെങ്കിലും സാധ്യമാണല്ലോ? ഈ ഭാഷാസ്വരൂപത്തോട് കൂടിയ മറ്റൊന്നിനെയാണ് അസാധ്യമെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നത്.

അതുകൊണ്ടുതന്നെ സത്യവിശ്വാസിക്ക് ഖുർആന്റെ ഉള്ളടക്കപരമായ ആത്മാവിനോട് മാത്രമല്ല ബന്ധമുള്ളത് അതിന്റെ അക്ഷരശരീരവുമായി കൂടിയാണ്. ദൈവത്തിന്റേതാണെന്ന ഒറ്റക്കാരണത്താൽ ഓരോ അക്ഷരവുമായുള്ള ഒരു വൈകാരികബന്ധമാണത്. ഖുർആൻ പാരായണത്തിന് ഓരോ അക്ഷരത്തിനും പ്രതിഫലമുണ്ടെന്ന് പ്രവാചകൻ പറയുന്നുണ്ടല്ലോ? ലോകത്തിന്റെ നാനാഭാഗത്തുമുള്ള എത്രയോ അനറബി സാധാരണക്കാർ അർഥമറിയാതെ ഖുർആൻ പാരായണം ചെയത് ഭക്തിയുടെ കൊടുമുടികൾ താണ്ടുന്നതിന്റെ പൊരുളിതാണ്. വായനക്ക് തന്നെ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ഏക ഗ്രന്ഥമാണ് ഖുർആൻ. ഒരു പുസ്തകത്തിന്റെ പാരായണം മതാനുഷ്ഠാനമാകുന്ന ഇസ്ലാമിലെ ഏക പുസ്തകം. ഖുർആനിലേക്ക് നോക്കുക എന്നത് അനുഗ്രഹീതമായ കർമമാണെന്ന് പണ്ഡിതന്മാർ പറയുന്നുണ്ട്. കാരണം പ്രതീകമില്ലാത്ത ദൈവത്തിന്റെ അക്ഷരപ്രതീകമാണ് ഖുർആൻ. ദൈവത്തെ കാണേണ്ടവർ, അനുഭവിക്കേണ്ടവർ ഖുർആനിലേക്ക് കണ്ണുതിരിക്കുക. അതൊരു കടുത്ത പെരുംമലമുകളിൽ വന്നിറങ്ങിയതാണെങ്കിൽ അത് ഛിന്നഭിന്നമായിപ്പോകാൻ മാത്രം അലൗകിക ഊർജപ്രവാഹമുള്ള ഒന്നാണത്. ഭൂമിയിൽ ദൈവത്തെ ഏറ്റവും മൂർത്തമായി പ്രതിനിധീകരിക്കുന്നത് ഖുർആനാണ്. 'അല്ലാഹുവിന്റെ പേരുകേട്ടാൽ കിടിലം കൊള്ളുന്നവരും അല്ലാഹുവിന്റെ വാചകങ്ങൾ ഓതിക്കേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിതമായിത്തീരുന്നവരുമാണ് സത്യവിശ്വാസികൾ' (*അൽ അൻഫാൽ* 2) എന്നതിന്റെ വചനപ്പൊരുൾ ഇത്രമേൽ അഗാധമാണ്.

മനുഷ്യന്റെ ഭാഷാ വ്യവഹാരങ്ങൾ ഗദ്യമോ പദ്യമോ ആയിരിക്കും. ഖുർആൻ അങ്ങനെയല്ല. എന്നാൽ അതിന് അലൗകികമായ ഒരു സംഗീതമുണ്ട്. ഒരു ഡിവൈൻ മെലഡി. ആ സംഗീതം ഒരു മുസ്‌ലിമിന് അർഥം പോലുമറിയാതെ അനുഭൂതികൾ നൽകുന്ന ഒന്നാണ്. ഈ അലൗകിക അനുഭൂതി വിശദീകരിച്ചുകൊണ്ട് അലിജാ ഇസ്സത്ത് ബഗോവിച്ച് എഴുതുന്നു:

"ഖുർആൻ ഓതേണ്ടവിധം വിശദീകരിക്കുമ്പോൾ അതിന്റെ ശബ്ദമധുരമായ പാരായണവും കേൾവിയും പരാമർശിക്കേണ്ടതുണ്ട്. ഭൂരിപക്ഷം മുസ്‌ലിംകൾക്കും അർഥമറിയാത്തതിനാൽ അത് നിഷ്പ്രയോജനമാണെന്ന് ചിലർ പറയുന്നു. തുറന്നു പറയട്ടെ, എനിക്ക് ഈ അഭിപ്രായത്തോട് യോജിപ്പില്ല. ഒരിക്കലും മറക്കാനിടയില്ലാത്ത ഒരനുഭവം പറയാനേ ഇപ്പോൾ നിവൃത്തിയുള്ളൂ.

വർഷങ്ങൾക്ക് മുമ്പ് ഒരന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കാൻ എനിക്കവസരം കിട്ടി. ഇസ്‌ലാമികനവോത്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും തടസ്സങ്ങളുമായിരുന്നു വിഷയം. ഒരു പ്രശസ്ത യൂറോപ്യൻ നഗരത്തിലാണ് സമ്മേളനം ചേർന്നത്. ലോക പ്രശസ്ത പണ്ഡിതന്മാരും ചിന്തകന്മാരും അതിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഓരോ ദിവസവും ആരംഭിച്ചതും അവസാനിച്ചതും ഒരു പ്രസിദ്ധ 'ഖാരിഇ'ന്റെ ഖുർആൻ പാരായണത്തോടെയായിരുന്നു.

പ്രഭാഷകരുടെ വാക്കുകൾ സദസ്സ്

സാകൂതം ശ്രദ്ധിച്ചിരുന്നു. എന്നിട്ടും നൂറു കണക്കിന് ആളുകളുടെ സാന്നിധ്യം ഞങ്ങൾക്കനുഭവപ്പെട്ടു. ഒരാൾ തൊട്ടടുത്തിരിക്കുന്നവനോട് സ്വകാര്യം പറയുന്നു. മറ്റൊരാൾ കസേര വലിച്ചൊതുക്കിയിടുന്നു. വേറൊരാൾ കടലാസുകൾ ചിക്കിച്ചികയുന്നു... ഖുർആൻ പാരായണമങ്ങ് തുടങ്ങേണ്ട താമസം, എല്ലാ ചലനങ്ങളും ഞൊടിയിടയിൽ നിലച്ചുപോയി. ഗാംഭീര്യത്തിൽ ചാലിച്ച ശാന്തത-സദസ്സിനെ കീഴടക്കി. ഓത്തുകാരൻ ശ്വാസമയക്കാനായി ഒന്നു നിർത്തിയപ്പോൾ മറ്റൊരു ശബ്ദവും കേൾക്കുന്നില്ല. എന്നല്ല, സദസ്യരുടെ മുഴുവൻ ശ്വാസം നിലച്ചുപോയതുപോലെ. ആളുകൾ ശാന്തമായിരുന്ന് തങ്ങളുടെ ഹൃദയമിടിപ്പുകൾ ശ്രദ്ധിക്കുന്നു. ശാന്തത! ആ പാരായണം ഒഴുകുന്ന നദിയായിരുന്നു. ചിലപ്പോഴത് ശാന്തമായൊഴുകി. മറ്റു ചിലപ്പോൾ ശൂരതയോടെ കുലം കുത്തിയൊഴുകി. അവാച്യമായ അനുഭവം അതിന്റെ മൂർധന്യത പ്രാപിച്ചത് അവസാന ദിവസമാണ്. വിടപറയും മുമ്പ് 'ഖാരിഅ്' ഒരു പ്രത്യേക സമ്മാനം തന്ന് ഞങ്ങളെ സന്തോഷിപ്പിച്ചു. അന്നദ്ദേഹം തെരഞ്ഞെടുത്തത് 'അർറഹ്മാൻ' അധ്യായമാണ്. ശൈലീഭംഗികൊണ്ടും കോർവ കൊണ്ടും സുന്ദരവും സുപ്രസിദ്ധവുമായ അധ്യായം! അപ്പോഴത്തെ എന്റെ മാനസികാവസ്ഥയും അനുഭൂതിയും വിവരിക്കുക അസാധ്യം. "ഫബി അയ്യി ആലാഇ റബ്ബികുമാ തുകദ്ദിബാൻ''.... ആവർത്തിച്ചു വരുന്ന ഈ വചനമൊഴിച്ച് മറ്റൊന്നിന്റെയും അർഥമെനിക്കറിയില്ലായിരുന്നു. എന്നിട്ടും മുഴുവൻ വചനങ്ങളുടെയും അർഥം എനിക്ക് മനസ്സിലാകുന്നതുപോലെ തോന്നി. സമ്മേളനം നടന്ന ഓരോ ദിവസവും ഖുർആൻ പാരായണം കഴിയുമ്പോൾ ഞാൻ അവിടെ കൂടിയവരുമായി കൂടുതൽ കൂടുതൽ അടുക്കുന്നു! ഈ അനുഭൂതി മറ്റുള്ളവർക്കുമുണ്ടെന്ന് അവരുടെ മുഖഭാവങ്ങളിൽ നിന്ന് വായിച്ചെടുക്കാമായിരുന്നു. "കാണുന്നില്ലേ! നമ്മളൊക്കെ ഇസ്‌ലാമിക സഹോദരങ്ങളല്ലേ?'' അവർ പറയാൻ വെമ്പുന്നപോലെ.

ഈ സംഭവത്തിന് ശേഷം, അർഥം മനസ്സിലായില്ലെങ്കിലും ഖുർആൻ പാരായണം കേൾക്കുന്നതിന്റെ പ്രാധാന്യം കുറച്ചുകാണാൻ ഞാൻ ധൈര്യപ്പെട്ടിട്ടില്ല. കാരണം, മുഴുവൻ മുസ്‌ലിംഹൃദയങ്ങൾക്കും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഖുർആൻ മനസ്സിലാവുന്നുണ്ട്." (*നവോത്ഥാന ചിന്തകൾ*)

ദൈവത്തിന്റേത് മാത്രമായ അക്ഷരക്കൂട്ടും പദവിന്യാസവുമാണ് ഖുർആൻ. മാനുഷികമായ മാധ്യമത്തിൽ (ഭാഷ) അല്ലാഹു നടത്തിയ ദൈവികമായ മാന്ത്രികതയാണ് ഖുർആൻ. ഈ കാര്യം ഖുർആനിലെ ചില അധ്യായങ്ങളുടെ തുടക്കത്തിലുള്ള കേവലാക്ഷരങ്ങൾ വിശദീകരിച്ചുകൊണ്ട് ഇബ്നുകസീറിനെപ്പോലുള്ള പൂർവസൂരികൾ പറഞ്ഞുവെച്ചിട്ടുണ്ട്. കേവലാക്ഷരങ്ങൾ വിളിച്ചുപറയുന്ന, വിളംബരപ്പെടുത്തുന്ന കാര്യമിതാണ്. ഹേ മനുഷ്യരേ, നിങ്ങൾ സംസാരിക്കുന്ന, കവിത കെട്ടിച്ചൊല്ലുന്ന, തെറിപറയുന്ന ഇതേ അക്ഷരങ്ങൾ കൊണ്ടുതന്നെയാണ് അല്ലാഹുവും സംസാരിക്കുന്നത്. പക്ഷേ മനുഷ്യൻ സംസാരിക്കുമ്പോൾ അത് കേവല സംസാരമാണെങ്കിൽ അതേ അക്ഷരങ്ങൾ ഉപയോഗിച്ച് അല്ലാഹു സംസാരിക്കുമ്പോൾ തുല്യമായ മറ്റൊരു വാചകം അസാധ്യമായ ഖുർആനാവുകയാണ്. ദൈവവും മനുഷ്യനും സംസാരിക്കുന്നത് അതേ ഇരുപത്തെട്ട് അക്ഷരങ്ങൾ കൊണ്ടാണ്. പക്ഷേ അവക്കിടയിലെ അന്തരം ദൈവത്തിനും മനുഷ്യനുമിടയിലെ അന്തരം തന്നെയാണ്. മനുഷ്യന്റെ വാക്കുകൾ മാനുഷികതയുടെ കണ്ണാടിക്കൂട്ടങ്ങളാണെങ്കിൽ ദൈവത്തിന്റെ വചനം ദൈവികതയുടെ, അമാനുഷികതയുടെ കണ്ണാടികളാണ്. അതിൽ പ്രതിബിംബിക്കുന്നത് അതുപോലെ മറ്റൊന്നില്ലാത്ത ദൈവത്തിന്റെ കരുത്തും സൗന്ദര്യവുമാണ്. നിങ്ങൾ ഉപയോഗിക്കുന്ന അതേ അക്ഷരങ്ങൾ കൊണ്ടാണ് അല്ലാഹുവും ഇത് രചിച്ചിരിക്കുന്നത്. പക്ഷേ ഇതേ അക്ഷരങ്ങൾ കൊണ്ട് ഇതുപോലൊരു വാചകം നിങ്ങൾക്ക് ചമക്കുക സാധ്യമല്ല. ഈ സാധ്യതയെ ഖുർആൻ നിരന്തരം വെല്ലുവിളിക്കുന്നുണ്ട്. കേവലാക്ഷരങ്ങൾക്ക് ശേഷം ഖുർആനിൽ ഭൂരിഭാഗം സ്ഥലത്തും തുടർന്നുപറയുന്നത് ഖുർആനിന്റെ അപാരതയെക്കുറിച്ചും അലൗകികതയെക്കുറിച്ചുമാണ് എന്ന് ഇബ്നുകസീർ ചൂണ്ടിക്കാട്ടുന്നുണ്ട്.

ഈ കാര്യം സയ്യിദ് ഖുത്വുബ് കുറേക്കൂടി ഭാവദീപ്തമായി വിവരിക്കുന്നുണ്ട്. ഒരേ മണ്ണുകൊണ്ടാണ് ദൈവവും മനുഷ്യനും സൃഷ്ടി നടത്തുന്നത്. കളിമണ്ണുകൊണ്ട് മനുഷ്യൻ സൃഷ്ടി നടത്തുമ്പോൾ അത് നിർജീവമായ പാവയും പാത്രവും പ്രതിമയും കെട്ടിടങ്ങളുമായിത്തീരുന്നു. അതേ കളിമണ്ണുകൊണ്ട് ദൈവം സൃഷ്ടിക്കുമ്പോൾ ജീവൻ സ്പന്ദിക്കുന്ന മനുഷ്യനും സൃഷ്ടിജാലങ്ങളുമായിത്തീരുന്നു. ഒന്ന് നിർജീവമാണെങ്കിൽ മറ്റേത് ജീവൻ തുടിക്കുന്നതാണ്. ഖുർആനും മനുഷ്യന്റെ ഭാഷാവ്യവഹാരങ്ങളും തമ്മിലെ വ്യത്യാസം നിർജീവരൂപവും മിടിക്കുന്ന ജീവനും തമ്മിലുള്ള വ്യത്യാസമാണ്. മനുഷ്യന് കരഗതമല്ലാത്ത ദൈവത്തിന്റെ രഹസ്യമാണ് ജീവൻ. ജീവന്റെ ദൈവിക രസതന്ത്രം തന്നെയാണ് ഖുർആനിന്റെ അമാനുഷികതയുടെയും രസതന്ത്രം.

വിശ്വാസം ബുദ്ധിയുടെ ബോധ്യം മാത്രമല്ല. ആത്മാവിന്റെ അനുഭവം കൂടിയാണ്. അത് ദൈവവുമായുള്ള വിനിമയമാണ്. സത്യവിശ്വാസികളുടെ ഏറ്റവും വലിയ സൗഭാഗ്യം ഈ അലൗകിക വിനിമയത്തിന്റെ സൗഭാഗ്യമാണ്. വിശ്വാസത്തിൽ കലർപ്പുകൾ വീണ് അതിന്റെ സ്വച്ഛത നഷ്ടപ്പെട്ടവൻ ആകാശലോകവുമായുള്ള അലൗകിക ചരട് മുറിഞ്ഞ് പോയവനാണെന്ന്, ആകാശത്തുനിന്ന് വീണവനെപ്പോലെയാണെന്ന് ഖുർആൻ പറയുന്നതിന്റെ കാരണമിതാണ്. അവനെ ലൗകികാസക്തിയുടെ ഏതു പരുന്തും എപ്പോഴും റാഞ്ചിക്കൊണ്ടുപോകും (അൽഹജ്ജ് 31) അവന്റെ ജീവിത വണ്ടിക്കുമുന്നിൽ ദേഹേഛയുടെ പച്ചപ്പുല്ല് കെട്ടിവെക്കപ്പെടും.

അലൗകിക ലോകവുമായുള്ള ഈ ആശയവിനിമയമാണ് സത്യവിശ്വാസിയെ മറ്റു മനുഷ്യരിൽ നിന്ന് വേറിട്ടവരാക്കുന്നത്. ലോകത്തിലെ പലതരം ദൈവാനുഭവങ്ങളിൽ ഏറ്റവും തീവ്രമായ ദൈവാനുഭവമാണ് ഖുർആൻ. ദൈവം വിശ്വാസിയോട് സംസാരിക്കുകയാണ്. വിശ്വാസിയുടെ മനസ്സിലൂടെ സഞ്ചരിക്കുകയാണ്. ദൈവവുമായുള്ള ഈ വിനിമയത്തിന് മനുഷ്യനെ പ്രാപ്തനാക്കുന്ന ആറാം ഇന്ദ്രിയമാണ് വിശ്വാസം. വിശ്വാസിക്ക് ദൈവാനുഭവത്തിനുവേണ്ടി പല ഉപാധികൾ ഒരുക്കപ്പെട്ടിട്ടുണ്ട്. ഇതിലൊന്ന് അല്ലാഹുവിന്റെ അടയാളക്കുറികളാണ് (ആയാത്ത്). ഭൗതികപ്രപഞ്ചം കാണുമ്പോൾ അവിശ്വാസിയിൽ ഉണരുന്ന നിർജീവവും കേവല ഭൗതികവുമായ പ്രതികരണമല്ല സത്യവിശ്വാസിയിൽ അത് ഉണർത്തുന്നത്. പ്രപഞ്ചക്കാഴ്ചകൾ അവനിൽ ഉണർത്തുന്നത് അതിന്റെ പൊരുളിനെക്കുറിച്ച ആലോചനകളാണ് (*ആലുഇംറാൻ* 191). പക്ഷേ ആരാധനകൾ ഉൾപ്പെടെയുള്ള മറ്റെല്ലാ ദൈവാനുഭവങ്ങളിലേക്കും അവനെ കൈപിടിച്ചുയർത്തുന്ന ഏറ്റവും വലിയ ദൈവാനുഭവമാണ് ഖുർആൻ. ആരാധനയിലും പ്രപഞ്ചനോട്ടത്തിലും ചരിത്രപഠനത്തിലു

മെല്ലാം അവനെ സഹായിക്കുന്ന ദൈവത്തിന്റെ കൈത്താങ്ങാണ് ഖുർആൻ.

മനുഷ്യന്റെ ഭൗതിക ഇന്ദ്രിയങ്ങൾക്കോ അതിന്റെ നീൾച്ചകളായ സാങ്കേതിക ഉപകരണങ്ങൾക്കോ ഒരിക്കലും കാണിച്ചുതരാനാവാത്ത ഒരുപാട് ഒരുപാട് കാഴ്ചകൾ ഖുർആൻ നമുക്ക് കാണിച്ചു തരുന്നു. ഖുർആൻ പാരായണം ചെയ്യുമ്പോൾ അത് നമ്മെ നാം ഇരിക്കുന്നേടത്ത് നിന്ന് ഉയർത്തി സ്വർഗത്തിന്റെ ഇറുമ്പിൽ കൊണ്ടുപോയി നിർത്തും. അവിടെ നിന്ന് നമ്മുടെ കൈപിടിച്ച് സ്വർഗത്തിലെ നൂറായിരം അതിശയിപ്പിക്കുന്ന കാഴ്ചകൾ കാണിച്ചുതന്ന് നാം ഇരിക്കുന്നേടത്തു തന്നെ തിരിച്ച് കൊണ്ടുവന്നാക്കും. അതുപോലെ നരകത്തെ, നമ്മുടെയൊക്കെ സ്വന്തം മരണത്തെ. മനുഷ്യന്റെ മരണത്തെക്കുറിച്ച് ഒരു മെഡിക്കൽ സയൻസും രേഖപ്പെടുത്തിയിട്ടില്ലാത്ത വിവരങ്ങൾ ഖുർആൻ രേഖപ്പെടുത്തുന്നു.

ഈ പ്രപഞ്ചത്തിന്റെ അന്ത്യത്തെ ഇപ്പോൾതന്നെ, മുൻകൂട്ടി നേരിൽ കാണാനുള്ള ഒറ്റവഴി ഖുർആനാണ്. പ്രവാചകൻ ഒരിക്കൽ പറഞ്ഞു: "അന്ത്യനാളിനെ കണ്ണുകൊണ്ട് കാണുംപോലെ കാണാൻ സന്തോഷമുള്ളവൻ സൂറത്തുത്തക്‌വീറും സൂറത്തുൽ ഇൻഫിത്വാറും സൂറത്തുൽ ഇൻശിഖാഖും പാരായണം ചെയ്തുകൊള്ളട്ടെ." ഒരു ശാസ്ത്രത്തിനും കാണിച്ചു തരാനാവാത്ത കാഴ്ചകൾ കാണിച്ചുതരുന്നു എന്നതാണ് ഖുർആന്റെ സവിശേഷത. ഭൗതികമായ ഒന്നിനും നൽകാനാവാത്ത അനുഭവങ്ങൾ നൽകുന്ന ഗ്രന്ഥം.

## ലൈലത്തുൽ ഖദ്ർ

'ലൈലത്തുൽ ഖദ്ർ എന്താണെന്ന് നിനക്കറിയാമോ' എന്ന കരളിൽ ചെന്നു തറക്കുന്ന ഒരു ചോദ്യം ഖുർആൻ ചോദിക്കുന്നുണ്ട്. ലോകത്തിലെ ഏറ്റവും വലിയ അൽഭുതമാണ് ഖുർആൻ. അതുകൊണ്ട് തന്നെ ചരിത്രത്തിലെ ഏറ്റവും വലിയ സംഭവം ഖുർആന്റെ അവതരണമാണ്. പിന്നീട് ഒരുപാട് കാലത്തേക്ക് ചരിത്രത്തിന്റെ ഗതി നിർണയിച്ച രാവാണത്. ഇനിയും എപ്പോൾ വേണമെങ്കിലും ചരിത്രത്തിന്റെ വിധി നിശ്ചയിക്കാൻ പ്രാപ്തിയുള്ള പുസ്തകമാണത്. മനുഷ്യൻ അത് ഏറ്റെടുക്കുകയും ചരിത്രത്തിൽ സാക്ഷാൽകരിക്കുകയും ചെയ്യണമെന്നു മാത്രം. ലോക ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ സാമ്രാജ്യമായ റോമിന്റെയും മറ്റൊരു സമകാലിക സാമ്രാജ്യമായിരുന്ന പേർഷ്യയുടെയും അറബ് ഈജിപ്ഷ്യൻ ഫലസ്തീനിയൻ സംസ്കാരങ്ങളുടെയും വിധി നിർണയിക്കപ്പെട്ട രാവാണ് ചരിത്രപരമായി ലൈലത്തുൽ ഖദ്ർ. ചരിത്രത്തിൽ ഇനിയും ഏറ്റെടുക്കാൻ മനുഷ്യരുണ്ടെങ്കിൽ നാഗരികതകളുടെ ഭാഗധേയം നിർണയിക്കുക ഖുർആൻ തന്നെയായിരിക്കും.

അല്ലാഹുവിന്റെ അദൃശ്യലോകം മറകൾ നീക്കി മനുഷ്യരോട്, മനുഷ്യന്റെ ദൃശ്യലോകത്തോട് സംസാരിച്ച അനുഭവമാണ് ഖുർആൻ. അതിന്റെ സമാരംഭമാണ് ലൈലത്തുൽ ഖദ്ർ.

ഹിറാ ഗുഹയിൽ പ്രവാചകന് ഖുർആൻ വന്നിറങ്ങിയതിന്റെ വാർഷികമാണ് ഓരോ വർഷവും ആവർത്തിക്കപ്പെടുന്ന ലൈലത്തുൽ ഖദ്റുകൾ. വലിയ ചരിത്ര സംഭവങ്ങളുടെ ഓർമകൾ അതേ ദിനങ്ങളിൽ എല്ലാ കൊല്ലവും പുതുക്കുക എന്നത് നമുക്ക് പരിചിതമാണ്. പക്ഷേ ഈ പുതുക്കലുകൾ പ്രതീകാത്മകം മാത്രമാണ്. ഒരിക്കലും ഓർമിക്കപ്പെടുന്ന സംഭവം തുടർവർഷങ്ങളിൽ സംഭവിക്കുന്നില്ല. 1947 ആഗസ്റ്റ് 15ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു. പിൻ വർഷങ്ങളിലെ ആഗസ്റ്റ് 15 കളിൽ സ്വാതന്ത്ര്യം ലഭിക്കുക എന്ന സംഭവം ഒരളവിലും ആവർത്തിക്കപ്പെടുന്നില്ല, അനുസ്മരിക്കപ്പെടുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ ലൈലത്തുൽ ഖദ്റിൽ അദൃശ്യലോകം ഭൂമിയെ ചുംബിച്ചുണർത്തിയ രംഗം ഓരോ വർഷവും അതേ അലൗകിക ഗാംഭീര്യത്തോടെ ആവർത്തിക്കുകയാണ്. ജിബ്‌രീൽ പരിവാരസമേതം അല്ലാഹുവിന്റെ അംറുമായി വീണ്ടും ഭൂമിയിലേക്കിറങ്ങുകയാണ്. ഖുർആൻ അവതരിച്ച ഒന്നാം രാവിന്റെ അതേ ആത്മീയ വില അതിന്റെ എല്ലാ വാർഷികാവർത്തന രാവുകൾക്കും അല്ലാഹു വകവെച്ചു നൽകുകയാണ്.

ഖുർആനിലെ ഒരു വാചകം മനുഷ്യരുടെ ആയിരം വാചകങ്ങളേക്കാൾ ഉത്തമമാണ്. ഖുർആൻ അവതരിച്ച രാവ് മനുഷ്യരുടെ മറ്റ് ആയിരം രാവുകളെക്കാൾ പവിത്രമാണ്, പുണ്യഭരിതമാണ്. അലൗകികതയുടെ വെളിച്ചവും സമാധാനവും സാധാരണമല്ലാത്ത കണക്കിൽ ഭൂമിയിലേക്ക് പ്രവഹിക്കുന്ന രാത്രിയാണത്. ഭൂമി പുലരും വരെ ദിവ്യസമാധാനം കൊണ്ട് നിറഞ്ഞ് കവിയുന്ന നേരം. ഖുർആനിന്റെ അവതരണത്തിന്റെ അത്യുജ്ജ്വലമായ, വാക്കുകൾക്കതീതമായ ഓർമയെ മറ്റൊരു അലൗകിക ഉത്സവമാക്കുകയാണ് അല്ലാഹു. ആകാശം ഭൂമിയോട് ഏറ്റവും അടുക്കുന്ന, കരുണ കാട്ടുന്ന നിമിഷങ്ങളാണത്. ആകാശവും ഭൂമിയും തമ്മിൽ ഏറ്റവും തീവ്രമായ വിനിമയങ്ങൾ നടക്കുന്ന മണിക്കൂറുകൾ. പ്രാർഥനകൾ കേൾക്കപ്പെടുന്ന, മനുഷ്യന്റെ ഭാഗധേയങ്ങൾ നിശ്ചയിക്കപ്പെടുന്ന യാമമാണത്. കാലത്തിന്റെ വർഷവലയത്തിൽ ഇതിനേക്കാൾ ആഴവും ഉയരവും സൗന്ദര്യവും വിലയുമുള്ള മറ്റൊരു പന്ത്രണ്ട് മണിക്കൂർ ഇല്ല തന്നെ. ഭൂമിയിലെ ഓരോ ചരാചരവും ആ ഊർജപ്രവാഹത്തിൽ കോരിത്തരിച്ചുപോകുന്ന മണിക്കൂറുകളാണത്.

ആ രാവിനെ ആത്മീയമായ മുന്നൊരുക്കമില്ലാതെ മനുഷ്യനു സ്വീകരിക്കുക സാധ്യമല്ല. അവന്റെ ക്ലാവു പിടിച്ച ഹൃദയത്തെ തേച്ചുമിനുക്കി വെച്ചാലേ അതിനെ അറിയാനും സ്വീകരിക്കാനും കഴിയൂ. അതിനായിരിക്കാം വിധി നിർണയ രാവിനു മുമ്പേ അവനെ നോമ്പിന്റെ സംസ്കരണത്തിലൂടെ കടത്തിക്കൊണ്ടുപോകുന്നത്. 20 ദിവസത്തെ നോമ്പിലൂടെ ഹൃദയത്തെ കഴുകിയവനാണ് ലൈലത്തുൽ ഖദ്റിനെ കാത്തിരിക്കുന്നത്. അഥവാ നോമ്പ് ഒരർഥത്തിൽ ആ രാവിനെ സ്വീകരിക്കാനുള്ള മുന്നൊരുക്കമാണ്. ഭൗതിക കാമനകളെ പരമാവധി നിയന്ത്രിച്ച് മനസ്സിന്റെ അഭൗതിക തലത്തെ കൂടുതൽ മൂർച്ചയുള്ളതാക്കുകയാണ്, കൂടുതൽ സംവേദന ശേഷിയുള്ളതാക്കുകയാണ് റമദാൻ ചെയ്യുന്നത്. ആ ശേഷി നേടുമ്പോഴേ ഒരാൾക്ക് ലൈലതുൽ ഖദ്റിനെ അറിയാനും അനുഭവിക്കാനും കഴിയൂ.

ഹിറാ ഗുഹയിൽ ഖുർആനുമായി വന്നിറങ്ങിയ ജിബ്‌രീൽ വീണ്ടും നമ്മുടെ ജീവിതത്തിലേക്ക് വന്നിറങ്ങുന്നതിന് കാതോർക്കുക. ഖുർആനിലൂടെ അല്ലാഹുവിന്റെ ചാരത്തിരുന്ന് അവന്റെ വാക്കുകൾക്ക് ചെവികൊടുത്തും അവന്റെ ഗാംഭീര്യത്തെ ഒന്നും ബാക്കിവെക്കാതെ സമ്മതിച്ചും സ്വന്തം പാപത്തെ കണ്ണുനീരുകൊണ്ട് കഴുകിത്തുടച്ചും സമാധാനത്തിന്റെ നിറമുള്ള ആ രാവിൽ നാം ഉണ്ടെന്ന് ഉറപ്പാക്കുക. കാരണം ഇതിനേക്കാൾ വില പിടിച്ച മറ്റൊന്നും നമുക്ക് നഷ്ടപ്പെടാനില്ല. വരുന്ന ഒരു വർഷത്തെ നമ്മുടെ ഭാഗധേയം അവന്റെയടുത്ത് നിശ്ചയിക്കപ്പെടുന്ന, നമ്മുടെ സമയപാത്രങ്ങൾകൊണ്ട് അളന്നെടുക്കാൻ കഴിയാത്ത, നമ്മുടെ ഘടികാരങ്ങൾക്ക് രേഖപ്പെടുത്താനാവാത്ത, മനുഷ്യന്റെ വാക്കുകൾകൊണ്ട് പകർന്നുവെക്കാനാവാത്ത രാവാണത്. ആ ഒറ്റ രാത്രി ബാക്കി റമദാനിനേക്കാൾ വലുതാണ്. ■